(ബി) കഴിഞ്ഞ രണ്ടു കൊല്ലക്കാലത്ത് നിർമ്മിതിയിലുള്ള കെട്ടിടത്തിലെ പണി ആവശ്യത്തിനുള്ള ലിഫ്റ്റ് പൊട്ടി എത്ര തൊഴിലാളികൾ മരിച്ചു ; എത്ര പേർക്ക് പരിക്കുപ്പറ്റി ;

(സി) അവരുടെ തൊഴിലുടമകളുടെ പേരും മേൽവിലാസവും എന്താണെന്നും പ്രസ്തുത തൊഴിലുടമകൾ എന്തു തുക നഷ്ടപരിഹാരമായി നൽകി എന്നും വ്യക്തമാക്കുമോ ;

(ഡി) ആവശ്യത്തിന് സുരക്ഷാ ക്രമീകരണമില്ലാതെ തൊഴിലാളികളെ അപകടപ്പെടുത്തിയ തൊഴിലുടമകൾക്കെതിരെ തൊഴിൽ വകുപ്പ് മനുഷ്യാവകാശ കമ്മീഷനിൽ നടപടികൾ ആരംഭിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ ഇത്തരത്തിലുള്ള അപകടത്തിൽപ്പെട്ട 19 പേർ മരണമടഞ്ഞിട്ടുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതർക്ക് വർക്ക്മെൻസ് കോമ്പൻസേഷനായി 20,78,950 രൂപയും 1-11-1998-ന് ശേഷം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും മരണമടഞ്ഞ മൂന്നുപേരുടെ ആശ്രിതർക്ക് 1,50,000 രൂപ ധനസഹായമായും നൽകിയിട്ടുണ്ട്.

(ബി) 6-2-2001-ൽ ലിഫ്റ്റ് പൊട്ടി രണ്ട് തൊഴിലാളികൾ മരിച്ചിട്ടുണ്ട്. പരിക്ക് പറ്റിയവർ ഇല്ല.

(സി) കോട്ടയം പാർത്ഥാസ് മാനേജിംഗ് പാർട്നർ മുഖ്യതൊഴിലുടമയായും കോട്ടയം മുട്ടമ്പലം പന്നിവേലയിൽ റ്റി.സി. മാത്യു ആന്റ് സൺസ്, ശ്രീ. സിറിയക് മാത്യു കോൺട്രാക്ടറും ആണ്. നഷ്ടപരിഹാരത്തിനായി വർക്ക്മെൻ കോംപൻസേഷൻ കമ്മീഷണർ മുമ്പാകെ ആശ്രിതർ അപേക്ഷയൊന്നും നാളിതുവരെ ഫയൽ ചെയ്തിട്ടില്ല.

(ഡി) തൊഴിൽ നിയമങ്ങളനുസരിച്ച് നടപടികൾ കൈക്കൊള്ളുക മാത്രമാണ് ഈ കാര്യത്തിൽ തൊഴിൽ വകുപ്പിന് ചെയ്യാനുള്ളത്. മനുഷ്യാവകാശ കമ്മീഷനിൽ തൊഴിലുടമയ്ക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം തൊഴിൽ വകുപ്പിന്റെ പ്രവർത്തന പരിധിയിൽ വരുന്നതല്ല.

പ്രിമോ പൈപ്പ് ഫാക്ടറി

84 (309) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രിമോ പൈപ്പ് ഫാക്ടറിയുടെ കോഴിക്കോട് പുത്തൂരിലുള്ള ഫാക്ടറി എന്നു മുതലാണ് പ്രവർത്തി നിർത്തി വെച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ഫാക്ടറിക്ക് എത്ര സംഖ്യ ആകെ മുതൽ മുടക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ഫാക്ടറി തുറന്നു പ്രവർത്തിക്കേണ്ടതില്ല എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലവും കെട്ടിടവും കൈമാറുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആഗസ്റ്റ് 1992.

(ബി) 85 ലക്ഷം രൂപ.

(സി&ഡി) ഇപ്പോൾ പരിഗണയിൽ ഇല്ല.

തേയിലത്തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

85 (310) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എവിടെയെല്ലാം എത്ര തേയില തോട്ടങ്ങൾ അടച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് ;

(സി) തൊഴിലില്ലാതായ തേയിലത്തോട്ടം തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ഗവൺമെന്റിൽ നിന്നും ചെയ്തു കൊടുത്തിട്ടുണ്ട് ;

(ഡി) ഇതിനുവേണ്ടി ഓരോ സ്ഥലത്തും എന്തു തുക ചെലവായി എന്നു പറയുമോ ?

ഉത്തരം

(എ) രണ്ട് തേയിലത്തോട്ടങ്ങൾ അടച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് പൊൻമുടി ടീ എസ്റ്റേറ്റും കൊല്ലത്ത് പ്രിയാ എസ്റ്റേറ്റും.

(ബി) തിരുവനന്തപുരം ജില്ലയിലെ പൊൻമുടി എസ്റ്റേറ്റിൽ 164 തൊഴിലാളികൾക്കും കൊല്ലം ജില്ലയിലെ പ്രിയാ എസ്റ്റേറ്റിൽ 140 തൊഴിലാളികൾക്കും (67 സ്ഥിരം തൊഴിലാളികളും 73 താൽക്കാലിക തൊഴിലാളികളും) തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) 1999-2000 വർഷങ്ങളിൽ ഓണക്കാലത്ത് 1000 രൂപ വീതം എക്സ്ഗ്രേഷ്യഫെസ്റ്റിവൽ അലവൻസായി ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) 1999-ൽ 1,53,000 രൂപയും 2000 വർഷത്തിൽ 1,55,000 രൂപയും തിരുവനന്തപുരം ജില്ലയിലെ പൊൻമുടി എസ്റ്റേറ്റിൽ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly